## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 301 28.10.2019-ൽ മറുപടിക്ക്

**<u>കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. ആർ.രാമചന്ദ്രൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനുവേണ്ടി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 28/09/2018 ലെ ജി.ഒ (ആർ.ടി) നം.2989/2018/ആകുവ പ്രകാരം 89.96 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിരുന്ന കേരളാ സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22/06/2019 ൽ 64.93 കോടി രൂപയ്ക്ക് കിഫ്ബി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്നും വെളിപ്പെടുത്താമോ; | (ബി) | പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും നിർവ്വഹണത്തിനും കേരള സംസ്ഥാന വൈദ്യുത ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇതിന്റെ ടെന്റർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് യോഗ്യരായ കരാറുകാരിൽ നിന്നും ഇ.ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെന്ററിന്റെ ഭാഗമായുള്ള ടെണ്ടറുകൾ ബിഡ് 29/11/2019 ൽ തുറക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**